പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.451 22.03.2018-ൽ മറുപടിക്ക്

## രജിസ്ട്രേഷൻ ഇല്ലാതെ നികുതി പിരിക്കുന്ന വ്യാപാരികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ<br>,, മഞ്ഞളാംകുഴി അലി<br>,, എൻ.എ.നെല്ലിക്കുന്ന്<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിന് ശേഷം രജിസ്ട്രേഷൻ ഇല്ലാതെ നികുതിപിരിക്കുന്ന വ്യാപാരികൾ ഉള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയതിന് ശേഷം രജിസ്ട്രേഷൻ ഇല്ലാതെ നികുതി പിരിക്കുന്ന വ്യാപാരികൾ ഉള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ജി.എസ്.ടി. ചട്ടം ലംഘിക്കുകയോ അമിതവില ഈടാക്കുകയോ ചെയ്യുന്ന വ്യാപാരികൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; കേന്ദ്ര സമിതിക്ക് റിപ്പോർട്ട് നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | നികുതിയ്ക്കുമേൽ നികുതി ഒഴിവാക്കി ഇൻപുട്ട് നികുതിയുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിനു കൈമാറണം എന്ന വ്യവസ്ഥയോടെയാണ് പുതിയ നികുതി നിയമം നടപ്പിലായതെങ്കിലും സംസ്ഥാനത്തിലെ ചില ഉല്പാദകരും മൊത്ത വ്യാപാരികളും ഈ ആനുകൂല്യം ഉപഭോക്താവിനു നല്കിയിട്ടില്ല എന്ന കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജി.എസ്.ടി നടപ്പിലായ ആദ്യ മാസത്തിൽ തന്നെ കേരളം ഈ പ്രശ്നം ഗൗരവമായി എടുക്കുകയും ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുള്ള പരിഹാരമായി ജി.എസ്.ടി നിയമത്തിലെ വകുപ്പ് 171 പ്രകാരം ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി കേന്ദ്രസർക്കാർ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഇതിനോടനുബന്ധിച്ചുള്ള സ്ക്രീനിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കേരളം ഇതിനകം തന്നെ ഇത്തരം മാനദണ്ഡങ്ങൾ പാലിക്കാത്ത 335 ഓളം ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. സംസ്ഥാനം സമർപ്പിച്ച പരാതി കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് കമ്മറ്റിയുടെ പരിഗണനയിലാണ്. അടുത്തപടിയായി 15.11.2017 മുതൽ പ്രാബല്യത്തിൽ വന്ന നികുതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോയെന്നത് വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്. ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്തവ്യാപാരികളുടെയും വിവരം ഉടൻതന്നെ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി മുഖേന കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറുന്നതാണ്. |
| (സി) | ഏതെങ്കിലും കേസുകളിൽ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കേസുകളിലാണ് രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് കേന്ദ്ര സമിതി അനുമതി നൽകിയിട്ടുള്ളത്എന്ന് വ്യക്തമാക്കാമോ? | (സി) | ജി.എസ്.ടി നിയമപ്രകാരം ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യം ഉപഭോക്താക്കൾക്ക് കൈമാറാത്തതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ വ്യാപാരികളുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി കേന്ദ്ര ആന്റീപ്രോഫിറ്റീറിംഗ് കമ്മിറ്റിയുടെ നിർദ്ദേശങ്ങളൊന്നും സംസ്ഥാനത്തിന് ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**